കാലാവസ്ഥയിലും മാത്രം വിന്യസിച്ചിട്ടുള്ള ജന്തുക്കളുമുണ്ട്. ഫ്ലോറിഡ (യു.എസ്.) യിലെ മെരിറ്റ് ദ്വീപുകളിലെ ചതുപ്പു നിലങ്ങളിൽ കാണപ്പെടുന്ന കുരുവികളും (*Ammospiza migrescens*) ദക്ഷിണ ഉഷ്ണമേഖലാ പ്രദേശങ്ങളിൽ മാത്രം കണ്ടുവരുന്ന കറ്റോപ്പസ് (*Calops*) വണ്ടുകളും ഈ സ്ഥലങ്ങളിൽ മാത്രമായി ഒറ്റപ്പെട്ടു ജീവിക്കുന്നവരാണ്. നിയന്ത്രിത വിന്യാസത്തിനുദാഹരണമാണിത്.

**വ്യാപനത്തെ നിയന്ത്രിക്കുന്ന ഘടകങ്ങൾ.** ഭൂമിയുടെ കിടപ്പും ചുറ്റുപാടുമുള്ള പ്രദേശങ്ങളുമായുള്ള ബന്ധവും വിന്യാസത്തെ നിയന്ത്രിക്കുന്നു. അന്താരാഷ്ട്ര ഗതാഗതത്തിലുണ്ടായ പുരോഗതി ഈ നിയന്ത്രണത്തെ ഒരു പരിധിവരെ സ്വാധീനിച്ചിട്ടുണ്ട്. ഇതര ജന്തു വർഗങ്ങളുടെ സഹകരണം, ഭക്ഷ്യലഭ്യത, സുരക്ഷിതത്വം, കാലാവസ്ഥ എന്നീ ഘടകങ്ങളും വ്യാപനത്തെ നിയന്ത്രിക്കുന്നു. ധ്രുവപ്രദേശങ്ങളിലെ അതിശൈത്യം മറ്റിടങ്ങളിലെ ജീവജാലങ്ങളെ അവിടേയ്ക്ക് വിന്യസിക്കുവാൻ അനുവദിക്കുന്നില്ല. താപനിലയിലെ വ്യതിയാനം പ്രജനനത്തെ ബാധിക്കുന്നതിനാൽ ജന്തുവിന്യാസത്തെ ബാധിക്കുന്ന ഘടകമായി കണക്കാക്കാം. തെ. അമേരിക്കയിലെ മരുഭൂമിയിൽ ജീവിക്കുന്ന ഉരഗജീവി (*Uta stansburiana*) ആ പ്രദേശത്തു ജീവിക്കുന്ന ഒരിനം എലി (*Neotoma micropus*) ഉപേക്ഷിച്ച മാളങ്ങളിലാണ് മുട്ടയിടുന്നത്. ഉരഗജീവിയുടെ വിന്യാസം ഈ എലിയുമായി ബന്ധപ്പെട്ടിരിക്കുന്നു. വിന്യാസത്തിന് ജന്തുക്കൾ തമ്മിൽ തമ്മിലും വഴിയൊരുക്കുന്നു. ഉദാ. പോക്കറ്റ് ഗോഫർ. വ. അമേരിക്കയിലെ വടക്കൻ സ്റ്റേറ്റുകളിൽ *തോമോമിസ് ബോട്ടേ* (*Thomomys bottae*) എന്നയിനം ഗോഫറും തെക്കൻ സ്റ്റേറ്റുകളിൽ *തോമോമിസ് റ്റാൽപോയ്ഡെസ്* (*Thomomys talpoides*) എന്നയിനവുമാണ് വസിക്കുന്നത്. ഈ വിന്യാസത്തിൻെറ കാരണം അവ്യക്തമാണ്. അടയാളപ്പെടുത്താത്ത ഒരു അതിര് ഈ ഗോഫർ ഇനങ്ങൾ എങ്ങനെ പാലിക്കുന്നു എന്നത് വിസ്മയമാണ്.

**വിന്യാസത്തിൻെറ പ്രസക്തി.** വാസസ്ഥലം, ഭക്ഷണം, ഇണ എന്നിവ കണ്ടെത്തുന്നതിനുള്ള വാസന ജന്തുക്കൾക്കു സഹജമായുള്ളതാണ്. ജന്തുക്കളുടെ പരിണാമ സാധ്യത നിശ്ചയിക്കുന്നതും വിന്യാസചരിത്രങ്ങളാണ്. ഒരു കുടുംബത്തിൽ നിന്നു വിഭിന്നങ്ങളായ സ്പീഷികളുടെ പരിണാമവും വിന്യാസത്തിലധിഷ്ഠിതമാണ്. വിന്യാസത്തെ സക്രിയം (active), നിഷ്ക്രിയം (passive) എന്നിങ്ങനെ തിരിക്കാം. സക്രിയ വിന്യാസം പ്രജനനവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇണയെത്തേടി ജന്മദേശത്തുനിന്ന് ദേശാന്തരഗമനം നടത്തുക, ഇണ തദ്ദേശീയമായുണ്ടെങ്കിൽത്തന്നെ പ്രജനനത്തിനനുയോജ്യമായ ഇടം ലഭിക്കാതെ മറ്റു പ്രദേശങ്ങളിലേക്കു നീങ്ങുക എന്നിങ്ങനെയാണ് സക്രിയ വിന്യാസം രൂപം കൊള്ളുന്നത്. ഈ രണ്ടവസരങ്ങളിലും അനുകൂലമല്ലാത്ത സാഹചര്യത്തിൽ ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ കഴിയുകയാണെങ്കിൽ വിന്യാസം വിജയിക്കുന്നു. ഈ വിജയ ലഭ്യതപോലും ജീവികളുടെ എണ്ണം, ആഹാര ലഭ്യത, ഇതര ജീവികളുടെ സഹകരണം എന്നീ ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു.

സ്വപ്രയത്നത്തിലൂടെയല്ലാതെയുള്ള വിന്യാസത്തെ നിഷ്ക്രിയ വിന്യാസമെന്നുപറയുന്നു. കാറ്റ്, ജലം, മറ്റു ജന്തുക്കളുടെ സഹായം എന്നിവയിലൂടെയാണ് ഇവിടെ വിന്യാസം സാധ്യമാകുന്നത്. വൈറസ്, ഏകകോശ ജീവികൾ, പറവ എന്നിവ കാറ്റിൻെറ സഹായത്തോടെ ആയിരക്കണക്കിനു കി.മീ. അകലെയെത്തുന്നു. ജലപ്രവാഹങ്ങൾ ജന്തുക്കളെ വിദൂരങ്ങളിലെത്തിക്കാറുണ്ട്.

ഇതര ജന്തുക്കളുടെ സഹായത്തോടെ വിന്യസിക്കപ്പെടുന്നതിൽ ഭൂരിഭാഗവും പരാദജീവികളാണ്. പരാദജീവികളെ ഒരു ആതിഥേയനിൽ നിന്നും മറ്റൊരു ആതിഥേയനിലേക്കു മാറ്റുന്ന വാഹകർക്കും ജന്തുവിന്യാസത്തിൽ സ്ഥാനമുണ്ട്. ദേശാടനക്കിളികൾ, ആധുനിക ഗതാഗതോപാധികൾ എന്നിവയ്ക്കു പുറമെ ജന്തുവ്യാപനത്തിനു പങ്കുവഹിക്കുന്നത് മനുഷ്യനാണ്. തനിക്കു താത്പര്യമുള്ള ജന്തുക്കളെ ഏതു പ്രതികൂലകാലവസ്ഥയിലും വളർത്താനുള്ള മാർഗങ്ങൾ മനുഷ്യൻ ആവിഷ്കരിച്ചിട്ടുണ്ട്.

ബഹുദൂര സഞ്ചാരശേഷിയും പ്രതികൂല സാഹചര്യങ്ങൾ അതിജീവിക്കാനുള്ള കഴിവും ഉള്ള ജന്തുക്കൾക്കു മാത്രമേ കൂടുതൽ വ്യാപിക്കാനാവൂ. വ്യത്യസ്ത വൻകരകൾ തമ്മിലുള്ള ജന്തുവ്യാപനം പ്രകൃത്യാ വിഷമകരമാണ്.

എന്നാൽ ഒരേ കുടുംബത്തിൽപ്പെട്ട ജീവികൾ ഒറ്റതിരിഞ്ഞു കിടക്കുന്ന വൻകരകളിൽ വ്യാപിച്ചുകാണാനുമുണ്ട്. മീസോസോയിക് കല്പത്തിനുമുമ്പ് വൻകരകൾ തമ്മിൽ പരസ്പരം ബന്ധപ്പെട്ടിരുന്നുവെന്നതിനു തെളിവാണ് ഈ വിന്യാസം. ജന്തുക്കളുടെ ഉദ്ഭവത്തിനുശേഷം പരിണാമപരമായ മാറ്റം വിന്യാസരൂപേണ ഉണ്ടായിട്ടുണ്ടോ എന്ന ചോദ്യത്തിനും ഉത്തരം കണ്ടെത്തേണ്ടിയിരിക്കുന്നു. നിരന്തരമായ താപ വ്യതിയാനങ്ങൾ, ബാഷ്പീകരണം, മഞ്ഞുരുകൽ, മലയിടിച്ചിൽ, അഗ്നിപർവതങ്ങളുടെ ഉദ്ഭവം, ജീവജാലങ്ങളുടെ മൺമറയൽ, പുതിയ പ്രദേശങ്ങളുടെ ആവിർഭാവം തുടങ്ങി ചലനാത്മകമായ ഭൗതിക രാസഗുണങ്ങളുടെ പ്രവർത്തനത്തിൻെറ ബാക്കിപത്രമാണ് ഇന്നു നിലവിലുള്ള ജീവജാലങ്ങളും അവയുടെ വ്യാപന സ്വഭാവങ്ങളും.

വിപുലമായ വിന്യാസശേഷിയുള്ള ജന്തുക്കൾക്ക് അവ ചെന്നെത്തുന്ന സ്ഥലങ്ങളിൽ പ്രതികൂല സാഹചര്യങ്ങളാണ് നിലനില്ക്കുന്നതെങ്കിലും അവിടെ വിജയകരമായി വാസം ഉറപ്പിക്കാൻ കഴിയുന്നതായാണു കണ്ടുവരുന്നത്. ഇത്തരം കഴിവും ശേഷിയുമുള്ള രണ്ടുജാതി ജന്തുക്കൾ ഒരു സ്ഥലത്തുതന്നെ എത്തിച്ചേർന്നാലും വിന്യാസത്തിനു കോട്ടംതട്ടാം. വ്യാപനത്തിന് പ്രകൃതിതന്നെയൊരുക്കുന്ന തടസ്സങ്ങളും ഉണ്ട്. വൻകരയിലെ മൃഗങ്ങൾ തൊട്ടടുത്ത ദ്വീപിലേക്കു വ്യാപിക്കുന്നത് ചുറ്റുമുള്ള ജലംകൊണ്ട് പ്രകൃതി നിയന്ത്രിക്കുന്നു. ജന്തുക്കളുടെ മരുഭൂമിയിലേക്കുള്ള വ്യാപനത്തിന് അവിടത്തെ കാലാവസ്ഥയും താപനിലയും വിലങ്ങുതടിയാകുന്നു. കാലാവസ്ഥ, താപനില എന്നിവയിലുണ്ടാകുന്ന മാറ്റങ്ങൾ ജന്തുവ്യാപനത്തെ കാര്യമായി ബാധിക്കുന്നു. *നോ: ജന്തുഭൂമിശാസ്ത്രം.*

(ഡോ. എ.സി. ഫെർണാൻറസ്)

## ജന്തുശാസ്ത്രം (Zoology)

മനുഷ്യനും ജന്തുക്കളും തമ്മിലുള്ള പ്രകൃതിദത്തമായ ബന്ധങ്ങളെയും പ്രതിപ്രവർത്തനങ്ങളെയും സമഗ്രമായി മനസ്സിലാക്കാനുതകുന്ന ശാസ്ത്രശാഖ.

സൂക്ഷ്മവും സ്ഥൂലവുമായ ലക്ഷോപലക്ഷം വൈവിധ്യമാർന്ന ജീവികൾ ഉൾപ്പെടുന്ന ബൃഹത്തായ ജീവമണ്ഡലമാണ് ജന്തുലോകം. ജീവിച്ചിരിക്കുന്ന ജന്തുജാതികൾ (സ്പീഷീസ്) ഏതാണ്ട് 17,85,600 എണ്ണം വരുമെന്നു രേഖപ്പെടുത്തിയിരിക്കുന്നു; വംശനാശം സംഭവിച്ച ജന്തുക്കൾ ഇതിലേറെയും. സസ്യയിനങ്ങൾ 2,65,500-ൽ അധികം വരുമെന്നാണു കണക്കാക്കപ്പെട്ടിട്ടുള്ളത്. ജൈവവൈവിധ്യത്തിൽ സസ്യങ്ങളെക്കാൾ മുൻപിൽ ജന്തുലോകമാണ്.

ജന്തു എന്നർഥം വരുന്ന 'സുവോൺ', ശാസ്ത്രം എന്നർഥം വരുന്ന 'ലോഗോസ്' എന്നീ ഗ്രീക്കുപദങ്ങളിൽ നിന്നാണ് ജന്തുശാസ്ത്രം എന്നർഥം വരുന്ന സുവോളജി (Zoology) എന്ന ഇംഗ്ലീഷ് സംജ്ഞ നിഷ്പന്നമായിട്ടുള്ളത്. താഴ്ന്ന ഇനം ജന്തുക്കളുടെ ദീർഘകാല പരിണാമത്തിലൂടെ മനുഷ്യൻ ഭൂമിയിൽ പ്രത്യക്ഷപ്പെട്ടുവെന്ന ദർശനമാണു ജന്തുശാസ്ത്രത്തിൻെറ സത്ത. ജൈവ പരിണാമ സിദ്ധാന്തത്തിന് ലാമാർക്ക്, ആൽഫ്രഡ് വലസ്, ചാൾസ് ഡാർവിൻ മുതലായവർ അമൂല്യമായ സംഭാവനകൾ നല്കിയിട്ടുണ്ട്. ശാസ്ത്രീയഭൗതികവാദത്തിൻെറ പിൻബലമുള്ള നവഡാർവീനിയൻ ജൈവപരിണാമസിദ്ധാന്തം (evolutionism) ഇന്ന് അതിഭൗതികവാദത്തിലധിഷ്ഠിതമായ സൃഷ്ടിസിദ്ധാന്തത്തിൻെറ (creationism) കടുത്ത വെല്ലുവിളിയെ നേരിടുകയാണ്.

ലേഖനസംവിധാനം

I. ചരിത്രം
   1. അരിസ്റ്റോട്ടൽ
   2. പ്ലിനി
   3. കോൺറാഡ് ജസ്നർ
   4. കാൾ ലിനെയസ്
   5. ജീൻ ബാപ്റ്റിസ്റ്റേ ലാമാർക്ക്
   6. ജോർജസ് കുവിയർ
   7. ആൽഫ്രഡ് വലസ്
   8. ചാൾസ് ഡാർവിൻ
   9. ആൽഫ്രഡ് എഡ്മണ്ട് ബ്രേം
II. ശാഖകൾ
   1. ജന്തു വർഗീകരണ ശാസ്ത്രം
   2. ജന്തു ആകൃതിക വിജ്ഞാനം
   3. ജന്തു അംഗശരീരശാസ്ത്രം
   4. ജന്തു ധർമശരീരശാസ്ത്രം